"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിംഗ്- ജീവനക്കാര്യം - സീനിയർ ടൗൺ പ്ലാനർ ശ്രീമതി ഷീബ എം.എം. (പെൻ: 377523) - ന്റെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1420/2026/LSGD തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:- 1. 30.08.2025 ലെ GO(Rt) No.2155/2025/LSGD ഉത്തരവ്

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.05.2026- ലെ LSGD/PD/9692 /2026-IE2 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ടൗൺ പ്ലാനർ ശ്രീമതി ഷീബ എം.എം. -ന പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ ടൗൺ പ്ലാനർ ആയി നിയമനം ലഭിക്കുകയും03.09.2025-ന് പൂർവാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാളുടെ സീനിയർ ടൗൺ പ്ലാനർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി പരാമർശം ( 2 ) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ടിയാൾ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ5 ദിവസത്തെ അവധി വിനിയോഗിച്ചിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് ഡയറക്ടർ (റൂറൽ) സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് സീനിയർ ടൗൺ പ്ലാനർ ശ്രീമതി ഷീബ എം.എം. ടിയാളുടെ ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് 07.03.2026 അപരാഹ്നത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതിനാൽ ടിയാളുടെ സീനിയർ ടൗൺ പ്ലാനർ (പ്ലാനിംഗ്) തസ്തികയിലെ പ്രൊബേഷൻ കെ. എസ് & എസ്. എസ് ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 08.03.2026 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.

2. ശ്രീമതി ഷീബ എം.എം. സീനിയർ ടൗൺ പ്ലാനർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തിരുവനന്തപുരം.

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

5.വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്

6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 01-08-2026
11:23:08

സെക്ഷൻ ഓഫീസർ